**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 489** **19/11/2019 ൽ മറുപടിക്ക്**

**ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്**<br>**ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ഡി.കെ. മുരളി** | **കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പുതുക്കിയിട്ടുണ്ടോ; ശമ്പളം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | 01.03.2009 പ്രാബല്യത്തിൽ പുതുക്കി നൽകിയിരുന്നു. 01/01/2019 പ്രാബല്യത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത ജീവനക്കാർക്ക് 2000/- രൂപ നിരക്കിൽ 01/06/2019 മുതൽ പ്രാബല്യത്തിൽ ഇടക്കാല ആശ്വാസം അനുവദിച്ചിട്ടുണ്ട്. ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 15 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തി 03/09/2019 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേത്ര ട്രസ്റ്റിമാർ ക്ഷേത്ര കണക്കുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിൽ വീഴ്ച വരുന്ന സാഹചര്യത്തിലാണ് ശമ്പള ഗ്രാന്റ് അനുവദിക്കാൻ കഴിയാതെ വരുന്നത്. |
| (ബി) | വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർ ദാരിദ്ര്യത്തിലാണെന്നത് കണക്കിലെടുത്ത് അവരുടെ ദുരവസ്ഥ പരിഹരിക്കാൻ വരുമാനമുള്ള | (ബി) | വരുമാനമുള്ള ക്ഷേത്രങ്ങളുടെ മിച്ചം തുക പൊതു ഫണ്ടിലേക്ക് മാറ്റാൻ നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. മലബാർ ദേവസ്വം ബോർഡ് നിയമം പരിഷ്കരിക്കുന്നതിന് നിയമിക്കപ്പെട്ട |

| | | | |
|---|---|---|---|
| | ക്ഷേത്രങ്ങളുടെ മിച്ചം തുക പൊതുഫണ്ടിലേക്ക് മാറ്റാൻ സാധിക്കുമോ; ഇതിനായി മറ്റു ദേവസ്വം ബോർഡുകൾക്ക് സമാനമായ തരത്തിൽ നിയമനിർമ്മാണം ആലോചിക്കുമോ; | | അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായുള്ള നിയമ പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ രണ്ടാമത് ശുപാർശയായി ബോർഡിന് കീഴിലെ എല്ലാ ക്ഷേത്രങ്ങളിലെയും വരുമാനം ബോർഡിന്റെ സഞ്ചിത നിധിയിലേയ്ക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച ശുപാർശ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചു വരികയാണ്. മറ്റ് ദേവസ്വം ബോർഡുകൾക്ക് സമാനമായ തരത്തിൽ നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റേതുൾപ്പെടെ സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള വസ്തുക്കളിൽ അനധികൃത കൈയ്യേറ്റം കാരണം അന്യാധീനപ്പെട്ടിട്ടുള്ള വസ്തു വീണ്ടെടുക്കുന്നതിനായി ലാന്റ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ലാന്റ് സ്പെഷ്യൽ ഓഫീസറുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ